<u>**15 -ാം കേരള നിയമസഭ**</u>

<u>**2 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5245**</u> <u>**12-08-2021 - ൽ മറുപടിയ്ക്ക്**</u>

<u>**കെ.എസ്.എഫ്.ഇ. യിലെ ട്രാൻസ്ഫർ നോംസ്**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **Shri K N Balagopal**<br>**(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കെ.എസ്.എഫ്.ഇ. യിൽ ട്രാൻസ്ഫർ നോംസ് പ്രകാരം സ്ഥലം മാറ്റം നടത്തുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (എ) | കെ.എസ്.എഫ്.ഇ ജീവനക്കാരുടെ ട്രാൻസ്ഫർ നോംസ് 15.05.2017ൽ പ്രസിദ്ധീകരിച്ചു. തുടർന്നുള്ള കാലയളവിൽ നടത്തിയ സ്ഥലംമാറ്റങ്ങളിൽ ട്രാൻസ്ഫർ നോംസിലെ പരമാവധി മാനദണ്ഡങ്ങൾ പാലിക്കുന്നതിന് ശ്രമിച്ചിട്ടുണ്ട്. ജീവനക്കാരുടെ സംഘടനകളുമായി 05.02.2021ൽ ഒപ്പുവെച്ച കരാർ പ്രകാരം നിലവിലുള്ള ട്രാൻസ്ഫർ നോംസ് പുതുക്കുന്നതും, ഓൺലൈൻ സംവിധാനം പൂർത്തിയാകാത്തതുമാണ് തടസ്സങ്ങൾ. |
| (ബി) | പ്രസ്തുത തടസ്സങ്ങൾ ഒഴിവാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (ബി) | ജീവനക്കാരുടെ സംഘടനകളുമായി ചർച്ചകൾ നടത്തി നിലവിലുള്ള ട്രാൻസ്ഫർ നോംസ് പുതുക്കി നിശ്ചയിക്കുന്നതിനും ഓൺലൈൻ സംവിധാനം പൂർത്തിയാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരികയാണ്. |
| (സി) | ഈ വർഷം പൂർണ്ണമായും ട്രാൻസ്ഫർ നോംസ് പ്രകാരം സ്ഥലം മാറ്റം നടപ്പാക്കുന്നത് സാധ്യമാണോ; വെളിപ്പെടുത്തുമോ ? | (സി) | ട്രാൻസ്ഫർ നോംസിലെ പരമാവധി മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണ് സ്ഥലംമാറ്റം നടപ്പാക്കുന്നത്. ജീവനക്കാരുടെ സംഘടനകളുമായി ചർച്ചകൾ നടത്തി നിലവിലുള്ള ട്രാൻസ്ഫർ നോംസ് പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. അത് പൂർത്തിയായാൽ പൂർണമായും ട്രാൻസ്ഫർ നോംസ് പ്രകാരം സ്ഥലംമാറ്റം നടത്താൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ